പരിമിതമായ വിഭവങ്ങൾ കൊണ്ട് പൊതു ജനങ്ങൾക്ക് പരമാവധി സേവനം ചെയ്യുന്നത് പരിശ്രമിച്ചുകൊണ്ടിരിക്കുന്ന തദ്ദേശ സ്ഥാപനമാണ് വേളം ഗ്രാമപഞ്ചായത്ത് . ഗ്രാമപഞ്ചായത്ത് ഓഫീസ് , കുടുംബാരോഗ്യ കേന്ദ്രം , ആയുർവേദ ആശുപത്രി. പഞ്ചായത്ത് മൃഗാശുപത്രി, കൃഷിഭവൻ, , പൂളക്കൂൽ കമ്മ്യൂണിറ്റി ഹാൾ, ആരോഗ്യ ഉപകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾ, വേളം പഞ്ചായത്തിൻറെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. പഞ്ചവൽസര പദ്ധതി വിഹിതത്തിൻറേയും ധനകാര്യ കമ്മീഷൻ സഹായത്തിൻറേയും ഗ്രാവികസന വകുപ്പിൻറേയും, പിന്തുണയോടെ പരമാവധി വികസന പ്രവർത്തനങ്ങളും സേവനസംരഭങ്ങളും ഏറ്റെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിൻറേയും വിഭവ വിന്യാസത്തിൻറേയും കാര്യക്ഷമമായ പ്രവർത്തനത്തിൻറേയും ഫലമായി പരിമിതികളെ മറികടന്ന് വികസന രംഗത്ത് മുന്നേറാൻ നമുക്ക് കഴിയും. തനത് വരുമാനം പരിമിതമാണ്. തനത് ഫണ്ടിൻറെ കുറവ് കൊണ്ടാണ് ജനാഭിലാഷത്തിനനുസരിച്ചുള്ള വികസനം സാക്ഷാത്കരിക്കാൻ നമുക്ക് സാധിക്കാതെ പോകുന്നത്. ജനസേവന രംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ച വെച്ച് മുന്നോട്ട് പോകുവാൻ വേളം ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

കൃഷിയും അനുബന്ധമേഖലകളും

വേളം ഗ്രാമപഞ്ചായത്ത് പ്രാചീനകാലം മുതൽ കാർഷിക വൃത്തിക്ക് പേരു കേട്ടതാണ്. നാരായണിനട, കുന്നുമ്മൽതാഴ, പാവളളാട്ട് വയൽ, തുലാറ്റനട, കുരുടവയൽ, തോട്ടുകോവുമ്മൽ, കോവുപ്പറം, മാണിക്കോത്ത്താഴ, മാടോൽതാഴ എന്നീ പ്രദേശങ്ങളിൽ പരന്നു കിടക്കുന്ന നെൽവയലുകളുണ്ട്. പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന മനുഷ്യ പ്രകൃതിയായിരുന്നു അന്ന്. കൃഷിയും കന്നുകാലി വളർത്തലും കോഴി വളർത്തലുമായി ജനജീവിതം കഷ്ടപ്പെട്ടാണ് മുന്നോട്ട് പോയികൊണ്ടിരുന്നത്. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുന്ന നിരവധി പദ്ധതികൾ കഴിഞ്ഞ കാലങ്ങളിൽ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ നെൽകൃഷി ചെയ്യുന്ന പഞ്ചായത്താണ് വേളം ഏതാണ്ട് 120 ഹെക്ടറോളം സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്.വെള്ളകെട്ടും ആവശ്യത്തിന് വെള്ളം കിട്ടായ്മയും കാർഷികതൊഴിലാളികളുടെ അഭാവം, ഉപ്പ് വെള്ളം കയറി കൃഷി നശിക്കുക തുടങ്ങിയവ മൂലവും കർഷകർ 15 ഹെക്ടറോളം ഭൂമി തരിശായിട്ടിരിക്കുകയാണ്. യന്ത്രവൽകരിക്കുക എന്ന ലക്ഷ്യത്തോടെ കാർഷിക കർമ സമിതിക്ക് ട്രാക്ടറും,മിനി ട്രാക്ടറും,പാടശേഖര സമിതിക്ക് ട്രില്ലറും ഭരണ സമിതി വിതരണം ചെയ്തിട്ടുണ്ട്. പാഠശേഖര സമിതി പുതുക്കിയാൽ കൂടുതൽ യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാകും. വർഷാ വർഷങ്ങളിൽ കൂലിച്ചിലവ് സബ്സിഡി സംയുക്ത പദ്ധതിയായി കതിരണി പദ്ധതിയും നെൽകൃഷി വികസനം എന്നിവയും നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. കൂടുതൽ സ്ഥലങ്ങൾ ഈ പദ്ധതിയിലൂടെ തരിശ് രഹിതം ആക്കാം എന്നാണ് കണക്കാക്കുന്നത്.

തെങ്ങ് കൃഷിക്ക് ജൈവ വളം കുമ്മായം ഇടവിളകൃഷി എന്നിവ ഇടവേളകളിലായി വാർഷിക പദ്ധതിയിൽ വെച്ച് വിതരണം ചെയ്തിട്ടുണ്ട്. അത് തുടർന്ന് പോകണം. കൂടാതെ രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി അതുൽപാദനശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് വളവും കൂലിച്ചെലവും നൽകാൻ കഴിഞ്ഞു. ജലസേചനത്തിന് പമ്പ് സെറ്റ് നൽകാൻ കഴിഞ്ഞു. ഈ പദ്ധതിയും തുടർന്ന് പോകണം. പച്ചക്കറി കൃഷി വ്യാപനത്തിന് ഗ്രൂപ്പുകൾക്ക്

വളവും വിത്തും വിതരണം ചെയ്തു. പതിനേഴാം വാർഡിലെ നാരായണിനട പാടശേഖരത്തിൽ തരിശുഭൂമി നെൽകൃഷിക്ക് യോഗ്യമാക്കാനും കൃഷി ഇറക്കാനും കഴിഞ്ഞു.

മൃഗസംരക്ഷണവും ക്ഷീരവികസനവും

പരമ്പരാഗതമായി വളർത്തു മൃഗങ്ങളെ വളർത്തുന്ന ശീലം കാലാകാലങ്ങളായി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കിടയിലുണ്ട്. കൃഷിയുടെ അനുബന്ധ തൊഴിലായോ വേറിട്ടോ കന്നുകാലി വളർത്തൽ , കോഴി വളർത്തൽ , ആട്ടു വളർത്തൽ എന്നീ തൊഴിൽ സംരഭങ്ങളിൽ ജനങ്ങൾ ഏർപ്പെട്ടിരുന്നു. കൃഷിയും മൃഗസംരക്ഷണവും ഉൽപാദന മേഖലയിൽ സജീവമായി നിലനിൽക്കുന്ന രീതികളാണ്. കാർഷിക ജീവിതരീതിയുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഏറ്റവും പ്രകൃതി അനുകൂലവും പോഷക സമ്പത്ത് ഉൽപാദിപ്പിക്കുന്നതുമായ മേഖലയാണ് മൃഗസംഗക്ഷണവും ക്ഷീരവികസനവും. നിരവധി ഗുണകരമായ പദ്ധതി പ്രവർത്തനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 2024-25 വർഷത്തിൽ പോത്തുകുട്ടി പരിപാലനം പദ്ധതി നടപ്പിലാക്കി.68 പോത്തുകുട്ടികളെ വിതരണം ചെയ്തു.

പ്രാദേശിക സാമ്പത്തിക വികസനം

കാർഷികോൽപന്നങ്ങളെ മൂല്യ വർദ്ധിതമാക്കുന്ന ചെറുകിട വ്യവസായം വേളം ഗ്രാമപഞ്ചായത്തിൽ വേണ്ടത്ര വേരുപിടിച്ചിട്ടില്ല. നാളീകേരം, നെല്ല് , മരച്ചീനി, നേന്ത്രവാഴ, എന്നീ ഉൽപന്നങ്ങളെ മൂല്യ വർദ്ധിതമാക്കാൻ കഴിയുന്ന ചെറുകിട വ്യവസായ സംരഭങ്ങൾ ഗ്രാമപഞ്ചായത്തിൽ കൂടിൽ വ്യവസായങ്ങളായി പഴയ കാലത്ത് നിലവിലുണ്ടായിരുന്നു.

പൊതുമരാമത്ത് ഊർജം

പൊതുമരാമത്ത് പ്രവർത്തികൾക്കും കെട്ടിട നിർമ്മാണത്തിനും ഏറെ ആവശ്യങ്ങൾ നിലവിലുള്ള പഞ്ചായത്താണ് വേളം. മിക്ക ഗ്രാമങ്ങളിൽ നിന്നും പൊതു ഗതാഗത സംവിധാനത്തിന് ആവശ്യമായ റോഡുകൾക്കും , നടപ്പാതകൾക്കും വേണ്ടിയുള്ള മുറവിളികൾ ശക്തമാണ്. റോഡു നിർമ്മാണത്തിനുള്ള ആവശ്യങ്ങൾ, മിക്ക ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. നടപ്പാതകൾ , പാത്ത് വേകൾ, കൽവെൽട്ടറുകൾ , എന്നിവയും ഒട്ടേറെ ഗ്രാമങ്ങളിൽ ആവശ്യമുണ്ട്. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നു.

ദാരിദ്ര്യ ലഘൂകരണം

ദാരിദ്ര്യ ലഘൂകരണ പ്രക്രിയക്ക് മുന്തിയ പരിഗണന നൽകി മുൻകാലങ്ങളിൽ വിവിധ പ്രോജക്ടുകൾ ഏറ്റെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനമാണ് വേളം ഗ്രാമപഞ്ചായത്ത്. നിത്യ ജീവിത ചെലവുകൾ പോലും നിർവ്വഹിക്കാൻ നിവർത്തിയില്ലാത്തവരും ജോലിയും വരുമാനവും വളരെ കുറഞ്ഞവരുമാണ് ഈ വിഭാഗത്തിൽ ഏറെയും. വിവിധ ശാരീരിക വൈകല്യംമുള്ളവരും നിത്യ രോഗികളും ഇക്കൂട്ടത്തിലുണ്ട്.

പാർപ്പിടം

ലൈഫ് ഭവന പദ്ധതിയില് 347 അപേക്ഷകൾ പരിഗണിച്ചു. നിലവിൽ താമസിക്കുന്ന വീടുകൾ ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും പുനരുദ്ധാരണം നടത്തേണ്ടവ നമ്മുടെ പഞ്ചായത്തിലുണ്ട് അവയ്ക്ക് മുൻഗണന നൽകാനാണ് ഈ വർഷം ഉപയോഗിക്കുന്നത്. നിലവിൽ അപേക്ഷ കിട്ടിയിട്ടുണ്ട്. 95 വീടുകൾ നവീകരിച്ച് പ്രവർത്തനം പൂർത്തീകരിച്ചു. ലിസ്റ്റിലുള്ള മുഴുവൻ

അപേക്ഷകരെകൊണ്ടും Agreement വെപ്പിക്കാനും ബാക്കി സംഖ്യ കൊടുക്കാന് ലോൺ എടുക്കാനും തീരുമാനിച്ചു.

സാമൂഹ്യ നീതി

സമൂഹത്തിൻറെ അടിത്തട്ടിൽ കിടക്കുന്ന വിവിധ ജനവിഭാഗങ്ങളുടേയും വൃദ്ധർ , വികലാംഗർ, മാനസിക ശാരീരിക വൈകല്യമുള്ളവർ, വിധവകൾ, വിധുരർ, എന്നിവരുടേയും ക്ഷേമം , സാമൂഹിക മുന്നേറ്റ പ്രക്രിയക്ക് അത്യന്താപേക്ഷിതമാണ്. വിവിധ സാമൂഹിക ക്ഷേമ പദ്ധതികളിലൂടെ 9,10,11,12,13 പഞ്ചവത്സര പദ്ധതി കാലത്ത് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. മാമ്പ്രമല പ്രവർത്തിക്കുന്ന ബഡ്സ് സ്കൂൾ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള പ്രത്യേക വിദ്യാലയമാണ്. ഇവിടെ കുട്ടികൾക്ക് വാഹന സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് ഭക്ഷണം ഇവിടെ നൽകി വരുന്നു. ഭിന്നശേഷി സ്കോളർഷിപ്പ് പദ്ധതി നടന്നുകൊണ്ടിരിക്കുന്നു.ഭിന്നശേഷി ഗ്രാമസഭ വിളിച്ചുചേർത്തിട്ടുണ്ട് അവരുടെ ആവശ്യം മുൻഗണക്രമം നൽകുന്നതിനുള്ള തീരുമാനവും അവർ താമസിക്കുന്ന പ്രദേശത്ത് ഗതാഗത സൌകര്യം ഉണ്ടാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. വയോജനങ്ങൾക്ക് വിശ്രമിക്കാനുള്ള പകൽവീട് സജ്ജമാക്കിയിട്ടുണ്ട്. പള്ളിയത്ത് വയോജനപാർക്കും ഉണ്ടാക്കാൻ പദ്ധതി സജ്ജമാക്കിയിട്ടുണ്ട്. വയോജനങ്ങൾക്ക് സഹായഉപകരണങ്ങൾ വിതരണം ചെയ്തു. വയോജനസംഗമം നടത്താൻ തുക വകയിരുത്തിയിട്ടുണ്ട്.

സ്ത്രീകളുടേയും കുട്ടികളുടേയും വികസനം

വേളം ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം ലക്ഷ്യം വെച്ച് വിവിധ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി വനിതാ ക്ഷേമത്തിനും ശിശു വികസനത്തിനും ഊന്നൽ നൽകികൊണ്ടുള്ള പ്രോജക്ടുകളുടെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. അംഗൻവാടി പൂരക പോഷകാഹാര പരിപാടി , സ്ഥലമുള്ള എല്ലാ അംഗൻവാടികൾക്കും സ്വന്തം കെട്ടിടം, എന്നിവ വിവിധ പദ്ധതികളിലായി നടപ്പിലാക്കിയിട്ടുണ്ട്.

വനിതകളെ ശാക്തീകരിക്കുക എന്നതിന്റ ഭാഗമായി സ്വയംതൊഴിൽ പദ്ധതി ആവിഷ്കരിച്ചു വരുന്നു. മെൻസ്ട്രൽ കപ്പ് പദ്ധതി അന്തിമഘട്ടത്തിലാണ്. പ്രസവാനന്തര ശുശ്രൂഷക്ക് വേണ്ടി പദ്ധതി നടപ്പിലാക്കുന്നു.

ആരോഗ്യം

വേളം ഗ്രാമപഞ്ചായത്തിൽ പ�ൊതുജനാരോഗ്യ പരിപാലന രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പാരിസ്ഥികവും കാലാവസ്ഥാപരവുമായ സവിശേഷതകളാൽ മലിനീകരണം വളരെ കുറഞ്ഞ ഗ്രാമങ്ങളാണ് വേളം ഗ്രാമപഞ്ചായത്തിലുള്ളത്. ജൈവ മാലിന്യങ്ങൾ പലതും ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കപ്പെടുന്നുണ്ട്, വീടുകളിലെല്ലാം കക്കൂസ് സൌകര്യമുള്ളതിനാൽ ജലമലിനീകരണവും താരതമ്യേന കുറവാണ്.

കുടിവെള്ളം ശുചിത്വം

മനുഷ്യൻറെ അടിസ്ഥാന ആവശ്യങ്ങളിൽ മർമ്മ പ്രധാനമാണ് കുടിവെള്ളം . കുടിക്കാനും ഭക്ഷണം പാകം ചെയ്യാനും വൃത്തിയാക്കാനും ശുദ്ധജലം ആവശ്യമാണ്. മിക്ക വീടുകളിലും ശുദ്ധജലം ലഭിക്കുന്ന കിണറുകളുണ്ട്. കുളങ്ങളും, തോടുകളും, കൈത്തോടുകളും അരുവികളും മറ്റു ഉറവകളും ജലസമ്പത്ത് വർദ്ധിപ്പിക്കുന്നുണ്ട്. ജനകീയ കൂട്ടായ്മയോടു കൂടി കുടിവെള്ള ശുചിത്വ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ജലജീവൻ മിഷനില് ഉൾപ്പെടുത്തി 250 ഹൌസ് കണക്ഷൻ നൽകാൻ കഴിഞ്ഞു. എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തില്

സ്ഥലം കണ്ടെത്തി തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. വേളം പഞ്ചായത്തിന്റെ മൂന്ന് അതിരുകൾ ഗ്രളികപ്പുഴ (കുറ്റ്യാടിപ്പുഴ)യാണ്. ഏതാണ്ട് 16 കി.മി പുഴത്തീരം നമ്മൾക്കുണ്ട്. പ്രളയം മൂലം പുഴ ഇടിഞ്ഞ് ഡിപ്പാർട്ട്മെന്റ് സഹായത്തോടെ 5 ഇടങ്ങളിൽ കെട്ടി സംരംക്ഷിക്കാൻ തുടങ്ങി.

M.G.N.R.E.G പദ്ധതിയിലൂടെ വെള്ളം എത്താതിരുന്ന ഇറിഗേഷന് കനാലിന്റ വേളം പെരുവയൽ ഭാഗത്ത് വെള്ളം എത്തിക്കാൻ കഴിഞ്ഞു. കനാൽ ചോർച്ച തടയാൻ നടപടിയായിട്ടുണ്ട്. ഗ്രാമത്തിലെ പ്രധാന തോടായ അരുർ-തീക്കുനി മുതൽ തോട് 3കി.മി തോട് വീതി കൂട്ടി ആഴം വർദ്ധിപ്പിക്കാന് പൊതുജന കൂട്ടായ്മയിലൂടെ കഴിഞ്ഞിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി തോടുനവീകരണ പ്രവർത്തനം നടന്നുവരുന്നു. തീക്കുനി വച്ചാൽ തോട് നവീകരിക്കാൻ MGNREGS ൽ 90 ലക്ഷം രൂപയും ജില്ലാപഞ്ചായത്ത് 30 ലക്ഷം രൂപയും വകയിരുത്തി പ്രവൃത്തി ആരംഭിക്കാന് പോവുകയാണ്.

ശുചിത്വം

ക്ലീൻ കേരള ലക്ഷ്യസാക്ഷാത്കരണത്തിനായി വീടുകളിൽ അജൈവ മാലിന്യം ശേഖരിക്കുനതിനായി ഹരിതസേന രൂപീകരിച്ചു. പ്രവർത്തനം തുടങ്ങി ശീലവത്കരണം അനിവാര്യമാകയാൽ നിരന്തര ബോധവൽകരണം കൊണ്ടേ വലിച്ചെറിയൽ സ്വഭാവം മാറുകയുള്ളു. വീടുകളിൽ നിന്നും കടകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് എം.സി.എഫ് ൽ എത്തിക്കുന്നു.

അധിക സൌകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മിനി എം.സി.എഫ് വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കലക്ട് ചെയ്ത് എം.സി.എഫിൽ എത്തിക്കാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തമായി ഒരു വാഹനവും വാങ്ങിയിട്ടുണ്ട്. ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കുന്നതിനുവേണ്ടി കല്ല്യാണ ആവശ്യങ്ങൾക്കുള്ള പ്ലേറ്റുകള് മറ്റു സാധനങ്ങൾഹരിതസേനയ്ക്ക് ലഭ്യമാക്കുക എന്നത് നടപ്പുവർഷ പദ്ധതിയില് ഉൾപ്പെടുത്തിയിട്ടുണ്ട്.റിംഗ് കമ്പോസ്റ്റ്,തുമ്പൂർമൊഴി സ്ഥാപിക്കല് പദ്ധതി വച്ചിട്ടുണ്ട്.

വീടുകളില് ജൈവമാലിന്യസംസ്കരണത്തിനുവേണ്ടി തൊഴിലുറപ്പ് പദ്ധതിയില് ഉൾപ്പെടുത്തി കമ്പോസ്റ്റ് പിറ്റ്,സോക്പിറ്റ് തുടങ്ങിയ നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷവും വീടുകളിൽ റിംഗ്കമ്പോസ്റ്റ് വിതരണം ചെയ്യുന്നുണ്ട്. പള്ളിയത്ത് വഴിയോര യാത്രക്കാർക്ക് വേണ്ടി വഴിയോരവിശ്രമകേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്.

വിദ്യാഭ്യാസം - സാംസ്കാരികം കല - കായിക വികസനം യുവജനക്ഷേമം

വിദ്യാഭ്യാസ മേഖലയിൽ എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക. സ്വന്തം കഴിവുകളെ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങള് സൃഷ്ടിക്കുക .ഗവ.വിദ്യാലയങ്ങളുടെ ഭൌതിക സാഹചര്യം തൃപ്തികരമാക്കാനും ക്ലാസ്സ് മുറികൾ സ്മാർട് റൂമുകളാകത്കി വരുന്നു. വായന പ്രോത്സാഹിപ്പിക്കാനായി ക്ലാസ്റൂം ലൈബ്രറിക്കാവശ്യമായ ഭൌതിക സാഹചര്യങ്ങളും അലമാരകളും വിതരണം ചെയ്തിട്ടുണ്ട്. ഉണർവ്വ് പദ്ധതിയുടെ ഭാഗമായി LSS ,USS നേടിയവരെ അനുമോദിച്ചു. മോട്ടിവേഷൻ ക്ലാസുകൾ നൽകി. ചാന്ദ്രദിനം സ്വതന്ത്രദിനം വായനദിനം തുടങ്ങിയ ദിനാചരണങ്ങൾ വൈവിധ്യമാർന്ന പരിപാടികളോടെ നടപ്പിലാക്കി.

വേളം ഗ്രാമപഞ്ചായത്തിൽ 9 എൽ പി സ്കൂളുകളും , 2 യു പി സ്കൂളുകളും , ഒരു ഹയർസെക്കണ്ടറി സ്കൂളുകളും ഉണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകിയിരുന്ന പഞ്ചായത്താണ് ഇത്. വിദ്യാഭ്യാസ രംഗത്തും കലാ- സാംസ്കാരിക രംഗത്തും നിരവധി നൂതന ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പ്രകൃതിക്ഷോഭവും കാലാവസ്ഥാ വ്യതിയാനവും

പ്രകൃതിക്കും കാലാവസ്ഥയ്ക്കും ഇണങ്ങിച്ചേരുന്ന വികസന പ്രവർത്തന ങ്ങളാണ് നാം നടപ്പിലാക്കേണ്ടത്. നമ്മുടെ കാലാവസ്ഥയിൽ സംഭവിച്ചേക്കാ വുന്ന

പ്രകൃതിക്ഷോഭങ്ങളെ മുന്നിൽ കണ്ട്കൊണ്ട് പരിഹാര നിർദ്ദേശങ്ങളും മുന്നോട്ട് വെക്കേണ്ടതുണ്ട്. കേരളം നേരിട്ട മഹാ പ്രളയം നമ്മെ പഠിപ്പിക്കുന്നത് അതാണ്.

ഇക്കഴിഞ്ഞ പ്രളയ പേമാരി നമ്മുടെ ഗ്രാമപഞ്ചായത്തിലെ നെൽകൃഷിയെ ബാധിച്ചെങ്കിലും സാരമായ കാർഷിക പ്രശ്നങ്ങൾ നമുക്ക് ഉണ്ടായിട്ടില്ല എന്നത് ആശ്വാസകരമാണ്

പട്ടികജാതി വികസനം

വേളം ഗ്രാമപഞ്ചായത്തിലെ കോളനിയാണ് കുന്നുമ്മൽ കോളനി, നാരായണിക്കുന്ന് കോളനി, കുളിക്കുന്ന് കോളനി. ചരിത്രപരവും സാമൂഹ്യപരവുമായ കാരണങ്ങളാൽ മുഖ്യധാരാ സമൂഹജീവിതത്തിൻറെ ഭാഗമായിത്തീരാൻ കഴിയാത്തവരാണ് പട്ടികജാതിക്കാർ. പലപ്പോഴും അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾപോലും ഇവർക്ക് ലഭ്യമല്ലാത്ത സ്ഥിതിയുണ്ടായിരുന്നു. കുലത്തൊഴിലിലും കാർഷികവൃത്തിയിലും കാലിവളർത്തലിലും ഏർപ്പെട്ട് കാലം കഴിക്കുന്നവരായിരുന്നു ഇവരിൽ ഭൂരിഭാഗവും. ആധുനിക വിദ്യാഭ്യാസത്തിനുള്ള അവസരവും പൊതുധാരാസമൂഹത്തിൻറെ എല്ലാ ഇടപാടുകളിലും ഇടപെടാനുള്ള സൗകര്യവും ഇവർക്ക് ലഭ്യമായിട്ടുണ്ട്.

ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ താമസിക്കുന്ന വേളം പഞ്ചായത്തില് അവരുടെ ഉന്നമനത്തിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. അവരുടെ വീടിനും വിദ്യാഭ്യാസത്തിനും മുൻഗണന കൊടുക്കുന്നുണ്ട്. കഴിഞ്ഞവർഷം അവരുടെ ഫണ്ട് 100% വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്. എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം നടപടി സ്വീകരിച്ചുവരുന്നു.

ഊർജ്ജം

2025 വർഷത്തിൽ സ്ട്രീറ്റ് ലൈൻ നിലവിലുള്ള സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചു. ബാക്കി സ്ഥലങ്ങളിൽ ലൈറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

അദ്ധ്യായം 4

വികസന കാഴ്ചപ്പാട് , തന്ത്രം , നയസമീപനം

ക്രമനം	വിഷയമേഖല	വികസന കാഴ്ചപ്പാട്	നയസമീപനം	തന്ത്രം
1	കണക്കുകൾ,രേഖകൾ തയ്യാറാക്കൽ , സദ്ഭരണം	സദ്ഭരണം പൌരന്മാർക്ക് ലഭ്യമാക്കുക, പേപ്പർലസ് ഓഫീസ് സേവനം,അടിസ്ഥാന സൌകര്യ വികസനം.	സദ്ഭരണത്തിനാധാരമായ വിഷയങ്ങൾക്ക് മുൻഗണന.	കണക്കുകൾ രേഖകൾ തയ്യാറാക്കുക, പൌരാവകാശ രേഖ തയ്യാറാക്കി നൽകുക,പരാതി പരിഹാര മാർഗ്ഗങ്ങള് സ്വീകരിക്കുക, അഴിമതിക്കുള്ള സാഹചര്യം ഇല്ലാതാക്കുക, ജീവനക്കാരുടെ സൌകര്യം മെച്ചപ്പെടുത്തുക, ജീവനക്കാരുടെ സൌഹൃദ ഇടപെടൽ.
2	കൃഷിയും അനുബന്ധമേഖലകളും	ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുക, തൊഴിൽ സാഹചര്യം വർദ്ധിപ്പിക്കുക, ഭക്ഷ്യ സുരക്ഷ.	കൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക തൊഴിൽ ആദിമുഖ്യം വളർത്തിയെടുക്കുക. പാട്ടക്കൃഷി, തരിശ് ഭൂമി കൃഷിയും ഹിരിക്കുക, പച്ചക്കറി കൃഷി പ്രോത്സാഹിരി ക്കുക, ജലസേചന സൌകര്യം ഏർപ്പെടുത്തുക.	വിത്തും വളവും സൌജന്യ മായും സബ്സിഡിയിലും നൽകൽ, ജലസേചനത്തിന് കിണറും പമ്പ് സെറ്റും ലഭ്യ മാക്കുക, കൃഷിക്ക് കൂലിച്ചെ പ്രോത്സാലവ് സബ്സിഡിയായി നൽകുക, ജൈവകീടനാശിനി നൽകുക, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക. കാർഷിക വിഭവ വിപണന സൌകര്യം ഒരുക്കുക.
3	മൃഗസംരക്ഷണവും ക്ഷീരവികസനവും	ഭക്ഷ്യോത്പാദനവും, തൊഴിൽ സാഹചര്യവും വർദ്ധിപ്പിക്കുക. പാൽ മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തതയിലേക്ക് നയിക്കുക.	കന്നുകാലി വളർത്തല് പ്രോത്സാഹിപ്പിക്കുക, കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുക, കന്നുകാലികളുടെ രോഗപ്രതിരോധ പ്രവർത്തനം കോഴി, താറാവ് എന്നിവയുടെ വളർത്തല് പ്രോത്സാഹിപ്പിക്കുക. മൂല്യ വർദ്ധിത ക്ഷീര ഉൽപാദനം പ്രോത്സാഹിപ്പിക്കുക.	നല്ലയിനം കന്നുകാലികളെ സബ്സിഡി ഇനത്തിൽ നൽകുക, കന്നുകുട്ടി പരിപാലനപദ്ധതി പ്രോൽസാഹി രിക്കുക, ആധുനിക അറവു ശാല സ്ഥാപിക്കുക. കന്നുകാലികൾക്ക് പ്രതിരോധ കുത്തിവെപ്പ്, ഫാമുകൾക്ക് സഹായം, മുട്ടക്കോഴി വിതരണം, ആല കൂട് എന്നിവ സബ്സിഡി നിരക്കിൽ നൽകൽ.
4	ചെറുകിട വ്യവസായം	ചെറുകിട ഗ്രാമ, കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക . പരമ്പരാഗത തൊഴി സംരക്ഷണവും പ്രോത്സാഹനവും.	കുടുംബശ്രീ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കൽ, സ്വയം തൊഴില് സംരംഭം,വ്യക്തിഗതം,ഗ്രൂപ്പ് പ്രോത്സാഹിപ്പിക്കൽ,ചെറുകിട ഉത്പന്നങ്ങൾ ഉണ്ടാക്കലും വിപണനവും പ്രോത്സാഹിപ്പിക്കുക.	വ്യക്തിഗത/ഗ്രൂപ്പ് തൊഴിൽ സംരഭം, ചെറുകിട വ്യവസായ സംരംഭം.

5	ദാരിദ്ര്യ ലഘൂകരണം	ദരിദ്ര കുടുംബങ്ങളുടെ എണ്ണം കുറക്കൽ	ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ,തൊഴിൽ സംരംഭം,സാമ്പത്തിക ഉയർച്ച.	പാർപ്പിടം,ഭവന പുനരുദ്ധാരണം, കുടിവെള്ളം ലഭ്യമാക്കൽ,തൊഴിൽ സംരംഭങ്ങൾ.
6	സാമൂഹ്യ ക്ഷേമം (വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെ)	വൃദ്ധരുടെ സുഖകരമായ ജീവിതം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രയാസം ലഘൂകരിക്കൽ, തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തല്	വയോജന ക്ഷേമ പദ്ധതികൾ,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായ പദ്ധതികൾ.	വീൽചെയർ,സ്വാന്തന പരിചരണം,പകൽ വീട്, മുചക്ര വാഹനങ്ങൾ, വികലാംഗകർക്ക് എല്ലാ പ്രൊജക്ടിലും 3 ശതമാനം മുൻഗണന. വയോമിത്രം പരിപാടി.
7	പട്ടികജാതി വികസനം	പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിൻറെ മുഖ്യധാരയിൽ കൊണ്ടുവരിക,സാമൂഹ്യ സാമ്പത്തിക വികസനം.	ജീവിത പശ്ചാത്തല സൌകര്യം,തൊഴിൽ സൌകര്യം,കുടിവെള്ളം, വൈദ്യുതി,യാത്രാപ്രശ്നം പരിഹരിക്കല്	പാർപ്പിടം,ഭവന പുനരുദ്ധാരണം,കാർഷിക മേഖലയിൽ പ്രൊജക്ടുകൾ,തൊഴിൽ സംരംഭങ്ങൾ, കുടിവെള്ളം ലഭ്യമാക്കൽ, വൈദ്യുതി എല്ലാ വീടുകളിലും, കോളനികളിൽ റോഡുകൾ നടപ്പാതകൾ.
8	വനിതാ വികസനം	സ്ത്രീപദവി, സാമൂഹ്യ സാമ്പത്തിക നില എന്നിവ മെച്ചപ്പെടുത്തൽ.	സ്ത്രീകളുടെയും കുട്ടികളുടേയും ആരോഗ്യം മെച്ചപ്പെടുത്തൽ, വനിതകൾക്ക് സ്വയം തൊഴിൽ സാഹചര്യം വർദ്ധിപ്പിക്കുക,കുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുക,മുലയൂട്ടുന്ന അമ്മമാരുടെ ആരോഗ്യം,പോഷകാഹാരം.	സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള ധനസഹായം, പോഷകാഹാരം,വനിതാ ടോയിലറ്റ്, വനിതാ ഹോസ്റ്റൽ അംഗൻവാടികള്,വനിതാ സാംസ്കാരിക നിലയം.
9	ശുചിത്വം,കുടിവെള്ളം മുതലായവ	സർവ്വത്ര ശുചിത്വം,സമ്പൂർണ ഘരമാലിന്യ പരിപാലനം.ശുദ്ധമായ കുടിവെള്ളത്തിൻറെ ദൌർലഭ്യം.	ശുചിത്വമുള്ള വീടും പരിസരവും ശുചിത്വമുള്ള ഭക്ഷണശാല,വ്യാപാര കേന്ദ്രം, പൊതു ഇടങ്ങൾ. കുടിവെള്ളം നിരീക്ഷിക്കുക,ഗുണനിലവാരം പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുക.	കിണർ കുഴിക്കുന്നതിന് സബ്സിഡി നൽകുക, കുടിവെള്ളം നിരീക്ഷിക്കുക,ഗുണനിലവാരം പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുക. ശുചിത്വത്തിനുള്ള അവാർഡ് കമ്മറ്റിയിലൂടെ പ്രചരണം,ഹെൽത്ത് ഓഫീസർമാരുടെ പരിശോധനകൾ,പ്ലാസ്റ്റിക് ഉപയോഗം ഇല്ലാതാക്കലും നിർമാർജ്ജനവും,ബയോ ഗ്യാസ് പ്ലാൻറ് എന്നിവ.
10	ആരോഗ്യം	ആരോഗ്യമുള്ള ജനത	ചികിത്സാ സൌകര്യം,ബോധവൽക്കരണം	പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, വിവിധ ചികിത്സാ ഡിസ്പൻസറികള് എന്നിവ സ്ഥാപിക്കുക. പാലിയേറ്റീവ് കെയർ മെച്ചപ്പെട്ട സേവനം നൽകുക.

11	വിദ്യാഭ്യാസം,കലയും സംസ്കാരവും യുവജനകാര്യവും	എല്ലാവർക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം,നൂറ് ശതമാനം സാക്ഷരത, തുടർ സാക്ഷരതയോടെ അറിവ വർദ്ധിപ്പിക്കൽ.കലയും സംസ്കാരവും പോഷിപ്പിച്ച് പൌരൻമാരില് പരസ്പര സൌഹൃദ സാഹചര്യം സൃഷ്ടിക്കൽ.	വിദ്യാല.ങ്ങളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുക. പഠനമികവിനുള്ള സാഹചര്യം വർദ്ധിപ്പിക്കുക.കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക.	പുതിയ കെട്ടിടങ്ങൾ, കെട്ടിടത്തിൻറെ അറ്റകുറ്റപ്പണി കമ്പ്യൂട്ടറുകൾ സ്മാർട്ട് ക്ലാസ് റൂം, കുടിവെള്ളം, ഉച്ച ഭക്ഷണ പരിപാടി കൾ, ശുചിത്വമുള്ള മൂത്രപ്പുരയും കക്കൂസും, പെൺ സൌഹൃദ ടോയ്ലറ്റ്, വൈദ്യുതീകരണ പ്രവർത്തനങ്ങൾ, ഇരിപ്പിടം, വായനോപാധികൾ, കായിക പരിശീലന പ്രോത്സാഹനം, യുവജന ക്ഷേമ പ്രവർത്തനങ്ങൾ, വിനോദ സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ. കലാകാരന്മാർക്ക് പ്രദർശനോപകരണങ്ങൾക്ക് ധന സഹായം. സ്പോൺസർഷിപ്പ് വഴി കലാപരിപാടികൾ അവത രിപ്പിക്കാൻ കേരളോത്സവം സംഘടിപ്പിക്കുക, കുറ്റിച്ചെടികൾ വെക്കുക, കോർണറുകളും കവലകളും സൌന്ദര്യവത്കരിക്കുക, അലഞ്ഞുതിരിയുന്ന കന്നുകാലികളെ നിയന്ത്രിക്കുക, പുതിയറോഡ് നിർമ്മാണം, നിലവി ലുള്ളവ നവീകരിക്കുക
12	പ്രകൃതി ക്ഷോഭം, കാലാവസ്ഥാ വ്യതിയാനം	ജൈവവൈവിദ്യനാശം തടയൽ,കാലാവസ്ഥാ വ്യതിയാന സൂചനകൾ നൽകല്,പരിസ്ഥിതി സംരക്ഷണം, ദുരന്തമില്ലാത്ത സാഹചര്യം സൃഷ്ടിക്കുക.	ജൈവവൈവിദ്യ സംരക്ഷണ പരിപാടികൾ,കാലാവസ്ഥാ വ്യതിയാനം മുൻകൂട്ടി അറിയിക്കല്, പരിസ്ഥിതി സംരക്ഷണ പദ്ധതികൾ, ദുരന്ത നിവാരണ സന്നദ്ധ പ്രവർത്തകരെ സംഘടിപ്പിക്കൽ.	ജൈവവൈവിദ്യ രജിസ്റ്റർ,സംരക്ഷണ പദ്ധതികൾ,കാലാവസ്ഥാ വ്യതിയാന സൂചനകൾ മുൻകൂട്ടി അറിയിക്കാൻ അവ ശേഖരിച്ച് മാധ്യമങ്ങൾക്ക് നൽകൽ. പരിസ്ഥിതി സംരക്ഷണ കൂട്ടായ്മ വാർഡുകൾ തോറും സംഘടിപ്പിക്കൽ.
13	പൊതുമരാമത്ത് (ഊർജ്ജം വൈദ്യുതി ഉൾപ്പടെ)	കാൽനട വാഹനയാത്ര എന്നിവയ്ക്ക് അനുയോജ്യമായ നടപ്പാതകൾ,ഓടകൾ, പഞ്ചായത്തിനാവശ്യമായ കെട്ടിടങ്ങൾ ദീർഘ ദൃഷ്ടിയോടെ നിർമിക്കുക.എല്ലാ സ്ഥലത്തും തെരുവ് വിളക്കുകൾ സ്ഥാപിക്കുക,സൌരോർജ്ജ ഉപയോഗപ്പെടുത്തൽ.	റോഡ് നിർമാണം അറ്റകുറ്റപ്പണി, സംരക്ഷണം, സുരക്ഷിതവും സൌകര്യപ്രദവുമായ കെട്ടിടങ്ങൾ, സമ്പൂർണ തെരുവ് വിളക്ക് പരിപാടി, സൌരോർജ്ജ പദ്ധതികൾ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും പഞ്ചായത്ത് കെട്ടിടങ്ങളിലും സ്ഥാപിക്കൽ.	കാലാകാലങ്ങളായി അറ്റകുറ്റപ്പണി നടത്തുന്ന പ്രൊജക്ടുകൾ, കണക്കിവിറ്റി പ്ലാൻ തയ്യാറാക്കാന് നടപ്പാതകൾ, മഴവെള്ളം ഒഴുകിപ്പോകാൻ ഡ്രൈനേജുകള്, റോഡിലെ അസൌകര്യങ്ങളായ ഇലക്ട്രിക് പോസ്റ്റുകളും,ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുക, സോളാർ ഊർജ്ജം സാർവത്രികമായി ഉപയോഗിക്കാനുള്ള പ്രൊജക്ടുകൾ.

അദ്ധ്യായം 5

പതിനാലാം പഞ്ചവത്സര പദ്ധതി : വിഭവ വകയിരുത്തൽ

വേളം ഗ്രാമപ്പഞ്ചായത്ത് 2026-27 വാർഷികപദ്ധതി

1. വിഭവസ്രോതസ്സുകൾ

ക്രമ നം	വിഭവ സ്രോതസ്സുകൾ				വകയിരുത്തുന്ന തുക (രൂപ)
(1)	(2)				(3)
1	വികസന ഫണ്ട്	I	സാധാരണ വിഹിതം		2,46,73,600
		II	പട്ടികജാതി ഉപപദ്ധതി		26,89,600
		III	പട്ടികവർഗ ഉപപദ്ധതി		0
		IV	പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ്	ബേസിക്ക്	3104000
				ടൈഡ്	4656000
			ആകെ		35123200
2	മെയിൻറനൻസ് ഫണ്ട്	I	റോഡ് ഇതരം		66,92,800
		II	റോഡ്		2,35,34,400
			ആകെ		3,02,27,200
3	പതിനഞ്ചാം ധനകാര്യ കമ്മീഷന് ആരോഗ്യ ഗ്രാൻറ്				0
4	പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാൻറ് നഗര സഞ്ചയ ഗ്രാൻറ്				0
5	തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ)				20,66,020
6	സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം				1,02,00,000
7	കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം				38,96,000
8	വായ്പ- സഹകരണ സ്ഥാപനങ്ങളിൽ നിന്ന്				0
9	വായ്പ- മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന്				8,70,00,000
10	ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടയ്ക്കുന്നത്				8,16,000
11	ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃവിഹിതം				15,65,333
12	സന്നദ്ധ സേവനം				0
13	സംഭാവന				0
14	മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം	I	ഗ്രാമപഞ്ചായത്തുകളിൽ നിന്ന്		0
		II	ബ്ലോക്ക് പഞ്ചായത്തിൽ നിന്ന്		50,31,010
		III	ജില്ലാ പഞ്ചായത്തിൽ നിന്ന്		58,21,914
		IV	മുനിസിപ്പാലിറ്റിയിൽ നിന്ന്		0
		V	കോർപ്പറേഷനില് നിന്ന്		0
		VI	നഗരസഞ്ചയ ഗ്രാൻറില് നിന്ന്		0
			ആകെ		1,08,52,924
15	മറ്റുള്ളവ				0
16	ആകെ മൊത്തം				181746677

അദ്ധ്യായം 6

പദ്ധതികളും അവയുടെ വിശദാംശങ്ങളും

2026-27 വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയിൽ 31194200 രൂപയും ഉല്പാദന മേഖലയിൽ 12412937 രൂപയും സേവന മേഖലയിൽ 138139450 രൂപയും വകയിരുത്തിട്ടുണ്ട്.പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

	പ്രോജക്ടിൻറെ	വികസന	തനതു	മെയിൻറനൻസ് ഗ്രാൻറ്		സംയോജിത	മറ്റുള്ളവ	മൊത്തം
	പേര്	ഫണ്ട്	ഫണ്ട്	റോഡ്	നോൺ റോഡ്	വിഹിതങ്ങൾ		അടങ്കൽ
1	പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ	70000	30000	0	0	0	0	100000
2	ഐ കെ എം വിഹിതം നൽകൽ	100000	0	0	0	0	0	100000
3	പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപണി കരാർ	80000	0	0	0	0	0	80000
4	സ്നേഹസ്പർശം ഉക കൈമാറൽ	300000	0	0	0	0	0	300000
5	കുടിവെള്ള വിതരണം	169340	50000	0	0	0	0	219340
6	ഐഎസ്ഒ സർട്ടിഫിക്കേഷൻ പുതുക്കൽ	0	50000	0	0	0	0	50000
7	കാൻസര് കെയര് സൊസൈറ്റി	0	50000	0	0	0	0	50000
8	വിമുക്തി	0	20000	0	0	0	0	20000
9	എ ബി സി പ്രോഗ്രാം	100000	0	0	0	0	0	100000
10	പൌരാവകാശ രേഖ പ്രസിദ്ധീകരിക്കൽ	0	60000	0	0	0	0	60000
11	ജൈവവൈവിധ്യ രജിസ്റ്റർ നവീകരണവും ഡിജിറ്റലൈസേഷനും	0	50000	0	0	0	0	50000
12	പ്രൊജക്ട് അസിസ്റ്റൻറിന് വേതനം നൽകൽ	0	267480	0	0	0	0	267480
13	ടെക്നിക്കൽ അസിസ്റ്റൻറിന് വേതനം നൽകൽ	0	371940	0	0	0	0	371940
14	ലൈഫ് പദ്ധതി വായ്പാ മുതൽ തിരിച്ചടവ് പട്ടികജാതി - ജി ഒ പ്രൊജക്ട് (പാർപ്പിടം)	200000	0	0	0	0	0	200000
15	അംഗൻവാടി വർക്കർ ഹെൽപർ വേതനം - ജിഒ പ്രോജക്ട്	800000	0	0	0	0	0	800000
16	ലൈഫ് പദ്ധതി വായ്പാ മുതൽ തിരിച്ചടവ് ജനറൽ - ജി ഒ പ്രൊജക്ട് (പാർപ്പിടം)	3000000	0	0	0	0	0	3000000
17	സ്ഥിര നെൽകൃഷി വികസനം - കൂലിചെലവ് സബ്സിഡി	850000	0	0	0	1275000	0	2125000
18	കുരുമുളക് വള്ളി വിതരണം	500000	0	0	0	0	0	500000
19	കൃഷിഭവൻ കണ്ടിജൻസി ചെലവുകൾ	0	0	0	20000	0	0	20000
20	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	600000	0	0	0	572000	0	1172000

21	കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി	700000	0	0	0	900000	0	1600000
22	എസ്എസ്സെ വിഹിതം നൽകൽ	200000	0	0	0	0	0	200000
23	സ്കൂളുകളുടെ കണ്ടിജൻസി ചെലവുകൾ	0	0	0	70000	0	0	70000
24	കേരളോത്സവം	0	150000	0	0	0	0	150000
25	മൃഗാശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ	0	0	0	350000	0	0	350000
26	മൃഗാശുപത്രി കണ്ടിജൻസി ചെലവുകൾ	0	0	0	60000	0	0	60000
27	മുട്ട കോഴി വളർത്തൽ പ്രോത്സാഹനം	1156556	0	0	0	77000	0	1233556
28	ആട് വളർത്തൽ പദ്ധതി	816000	0	0	0	816000	0	1632000
29	സൂതിക പരിചര്യ മരുന്ന് വാങ്ങൽ (Women)	740000	0	0	0	0	0	740000
30	പാലിയേറ്റിവ് മരുന്ന് വാങ്ങൽ – ആയുർവ്വേദ (Paliative)	50000	0	0	0	0	0	50000
31	ആയുർവേദ ഡിസ്പെൻസറി കണ്ടിജെൻസി ചെലവുകള്	0	0	0	40000	0	0	40000
32	സാന്ത്വനം ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ നടത്തിപ്പ് (Diff. Abled)	1950000	0	0	0	0	0	1950000
33	വിശപ്പ് രഹിത കേരളം – ജനകീയ ഹോട്ടൽ (Women)	72000	0	0	0	0	0	72000
34	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം	250000	0	0	0	0	0	250000
35	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	300000	0	0	0	0	0	300000
36	അതി ദരിദ്ര – അഗതി ആശ്രയ കുടുംബങ്ങൾക്ക് യൂസർ ഫീ ഇളവ് നൽകൽ (ശുചിത്വം)	50000	0	0	0	0	0	50000
37	ലൈഫ് ഭവനപദ്ധതി ജനറൽ (പാർപ്പിടം)	987000	0	0	0	12013000	13000000	26000000
38	ലൈഫ് ഭവനനിർമ്മാണം എസ് സി (പാർപ്പിടം)	1439600	0	0	0	5960400	74000000	81400000
39	വനിത സംരംഭകർക്ക് ധനസഹായംഗ്രൂപ്പ് (Women)	750000	0	0	0	255000	0	1005000
40	വനിത സംരംഭകർക്ക് ധനസഹായംവ്യക്തിഗതം (Women)	750000	0	0	0	250000	0	1000000
41	അങ്കണവാടി അന്നപൂരകപോഷകാഹാരം	650000	0	0	0	2800000	0	3450000
42	അങ്കണവാടി കലോൽസവം (Child)	30000	0	0	0	0	0	30000
43	അങ്കണവാടി അന്നപൂരകപോഷാകാഹാരം	200000	0	0	0	100000	0	300000
44	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉള്ള സ്കോളർഷിപ്പ് (Diff. Abled)	1000000	0	0	0	800000	0	1800000
45	ഭിന്നശേഷി കലോൽസവം (Diff. Abled)	50000	0	0	0	0	0	50000
46	വയോജന കലോൽസവം (Aged)	50000	0	0	0	0	0	50000

47	കോക്ലിയർ ഇംപ്ളാൻറ് ചെയ്തവർക്കുള്ള സഹായം (Diff. Abled)	250000	0	0	0	0	0	250000
48	അങ്കണവാടി കണ്ടിൻജൻസി ചെലവുകൾ	0	0	0	60000	0	0	60000
49	വയോജനങ്ങൾക്ക് കട്ടിൽ (Aged)	251780	0	0	0	0	0	251780
50	അതിദരിദ്രർക്ക് ഭക്ഷണകിറ്റ്	30000	0	0	0	0	0	30000
51	പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽജനറല് (പാർപ്പിടം)	681400	18600	0	0	0	0	700000
52	എൽ എസ് ജി ഡി അസിസ്റ്റൻറ് എഞ്ചിനീയറുടെ വാഹനവാടകയും ഓഫീസ് ചെലവുകളും	400000	0	0	30000	0	0	430000
53	പാലീയേറ്റീവ് പരിചരണം (Paliative)	1050000	0	0	0	100000	0	1150000
54	ദേശീയ ആരോഗ്യപദ്ധതിയുടെ നടത്തിപ്പ്	80000	0	0	0	0	0	80000
55	ആർദ്രം പദ്ധതി ജീവനക്കാരുടെ വേതനം	810440	100000	0	0	0	0	910440
56	കുടുംബാരോഗ്യകേന്ദ്രത്തിലെ ആവർത്തന ചെലവുകൾ	0	0	0	200000	0	0	200000
57	കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ	0	0	0	300000	0	0	300000
58	അങ്കണവാടികൾ നവീകരിക്കൽ -26-27	0	0	0	1100000	0	0	1100000
59	ഐടി അടിസ്ഥാന ടെക്നോളജി ഇൻക്യുബോഷൻ സെൻറർ-ഉക കൈമാറൽ	0	50000	0	0	0	0	50000
60	ലോ മാസ്റ്റ് /ഹൈ മാസ്റ്റ് ലൈറ്റുകൾ റിപ്പയര് ചെയ്യല്	0	98000	0	0	0	0	98000
61	സമഗ്ര നാളീകേര വികസന പദ്ധതി-ഉക കൈമാറൽ	0	50000	0	0	0	0	50000
62	ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ	0	0	0	500000	0	0	500000
63	പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ വാങ്ങൽ	100000	0	0	0	0	0	100000
64	പഞ്ചായത്ത് ഓഫീസില് അടിസ്ഥാന സൗകര്യ വർധിപ്പിക്കല്	120000	0	0	0	0	0	120000
65	പിഎച്ച്സി ചുറ്റുമതിൽ നവീകരണം	0	0	0	800000	0	0	800000
66	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	300000	0	0	0	0	0	300000
67	ടോയ്ലറ്റ് നിർമ്മാണം ലൈഫ് ഭവന പദ്ധതി	0	0	0	0	996000	0	996000
68	വീട് വാസയോഗ്യമാക്കൽ പട്ടികജാതി വിഭാഗം (പാർപ്പിടം)	300000	0	0	0	0	0	300000

69	ആശ്രയ വീട് വാസയോഗ്യമാക്കൽ (പാർപ്പിടം)	150000	0	0	0	0	0	150000
70	വീട് വാസയോഗ്യമാക്കൽ ജനറൽ (പാർപ്പിടം)	1350000	0	0	0	0	0	1350000
71	തുല്യതപഠനം പഠിതാക്കളുടെ ഫീസ് നൽകൽ	30000	0	0	0	0	0	30000
72	തെങ്ങ് കൃഷിക്ക് വളം വിതരണം	550000	0	0	0	183333	0	733333
73	ലഹരിമുക്ത കോഴിക്കോട്-തുക കൈമാറൽ	0	50000	0	0	0	0	50000
74	വിജ്ഞാന കേരളം	300000	0	0	0	0	0	300000
75	തെരുവ് നായ വാക്സിനേഷൻ	25000	0	0	0	0	0	25000
76	ഡിജി കേരളം-2	0	200000	0	0	0	0	200000
77	പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചെലവുകൾ	0	50000	0	0	0	0	50000
78	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	500000	0	0	0	0	0	500000
79	തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി	0	350000	0	0	0	0	350000
80	കതിരണി തരിശ് നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി	232524	0	0	0	232524	0	465048
81	സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ (Child)	0	0	0	500000	0	0	500000
82	ആയുർവ്വേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ	0	0	0	150000	0	0	150000
83	എനേബ്ളിങ്ങ് കോഴിക്കോട്-തുക കൈമാറൽ	50000	0	0	0	0	0	50000
84	ധാതുലവണ മിശ്രിതം-വിരമരുന്ന് വിതരണം	300000	0	0	0	0	0	300000
85	കമ്മന കുഞ്ഞിരാമൻ സാംസ്കാരിക നിലയം അറ്റകുറ്റപ്പണി	0	0	0	50000	0	0	50000
86	വേളം FHC യിൽ CCTV സ്ഥാപിക്കൽ	0	0	0	100000	0	0	100000
87	FHC യിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ	0	0	0	300000	0	0	300000
88	സ്കൂൾ കെട്ടിടങ്ങളുടെ പെയിൻറിങ്ങ് (Child)	0	0	0	200000	0	0	200000
89	വനിതകൾക്കുള്ള ആരോഗ്യപരിശോധന ക്യാമ്പുകൾ (Women)	431560	0	0	0	0	0	431560
90	മൃഗാശുപത്രി നവീകരണം	0	0	0	150000	0	0	150000
91	ക്രാഡിൽ അംഗനവാടി (Child)	0	0	0	400000	0	0	400000
92	ICDS ഓഫീസിലേക്ക് പ്രിൻറർ വാങ്ങൽ	0	0	0	25000	0	0	25000
93	ഗവ.എൽ.പി.സ്കൂൾ-അരമ്പോൽ-കെട്ടിടത്തിൻറെ അറ്റകുറ്റപ്പണിയും കിച്ചൺ നിർമ്മാണവും	0	0	0	1287800	0	0	1287800
94	ആയുർവേദ ആശുപത്രിയിൽ ഫീഡിങ്ങ് റൂം സ്ഥാപിക്കൽ (Women)	60000	0	0	0	0	0	60000
95	ശിശുമന്ദിരം അന്നപൂരക പോഷകാഹാരം	50000	0	0	0	0	0	50000
96	അതിർത്തി പീടിക പൈങ്ങാംകുളങ്ങര റോഡ് നവീകരണം -വാർഡ് 1	0	0	800000	0	0	0	800000
97	കാക്കുനി ചാലിൽപാറ റോഡ് നവീകരണം - വാർഡ് 1 - 2	0	0	2500000	0	0	0	2500000
98	ഞള്ളേരിമ്മൽ മുക്ക് പുത്തൻപുരയിൽ താഴ റോഡ് നവീകരണം -വാർഡ് 1	0	0	500000	0	0	0	500000
99	കുനിങ്ങാരത്ത്മുക്ക്-ചാലിൽപാറ റോഡ് നവീകരണം -വാർഡ് -2	0	0	1200000	0	0	0	1200000

100	ഓങ്ങാരപ്പൊയിൽ മദ്രസ്സ റോഡ് നവീകരണം – വാർഡ് 2	0	0	300000	0	0	0	300000
101	കാരക്കുന്ന് ശ്മശാനം-ജീലാനി റോഡ് നവീകരണം – വാർഡ് 2	0	0	1000000	0	0	0	1000000
102	പുമുഖം സബൈസെന്റർ അങ്കണവാടി റോഡ് പുത്തനിടത്തിൽ പുതിയോട്ടിൽമുക്ക് റോഡ് നവീകരണം – വാർഡ് 3	0	0	750000	0	0	0	750000
103	ചെമ്പേൻകോട് മുക്ക് കനാൽ റോഡ് നവീകരണം – വാർഡ് 4	0	0	400000	0	0	0	400000
104	മുയ്യോട്ടുമ്മൽതാഴ-ചോയിമഠം റോഡ് നവീകരണം –വാർഡ് 5	0	0	500000	0	0	0	500000
105	കേളോത്ത്മുക്ക് പാറാക്കാംപൊയിൽ നവീകരണം –വാർഡ് 5	0	0	250000	0	0	0	250000
106	ഒളോടിത്താഴ ഗവ.യൂപി സ്കൂൾ ചെറുകുന്ന് റോഡ് നവീകരണം – വാർഡ് 5	0	0	700000	0	0	0	700000
107	തൈക്കണ്ടിമുക്ക് മത്തത്ത് താഴെ റോഡ് നവീകരണം –വാർഡ് 6	0	0	634400	0	0	0	634400
108	കിഴക്കയിൽ മുക്ക് പഴശ്ശിനഗർ റോഡ് നവീകരണം – വാർഡ് 6	0	0	500000	0	0	0	500000
109	മടത്തിൽമുക്ക് കുനിയോട് റോഡ് നവീകരണം – വാർഡ് 7	0	0	1400000	0	0	0	1400000
110	വരിക്കോളിമുക്ക് കുരങ്കോട്ട് റോഡ് നവീകരണം – വാർഡ് 7	0	0	500000	0	0	0	500000
111	ആറങ്ങാട്ട് മുക്ക് വേളം സൌത്ത് എൽ.പി സ്കൂൾ റോഡ് റോഡ് നവീകരണം – വാർഡ് 8	0	0	800000	0	0	0	800000
112	തയ്യിൽമുക്ക് അരമ്പോൽ ഗവ.LPS റോഡ്– നവീകരണം – വാർഡ് 9	0	0	750000	0	0	0	750000
113	വെങ്ങച്ചേരിമുക്ക് ചേനായികടവ് റോഡ് നവീകരണം – വാർഡ് 9–10	0	0	2000000	0	0	0	2000000
114	ചാത്തോത്ത് മുക്ക് പുതിയോട്ടിൽ കനാൽ റോഡ് നവീകരണം – വാർഡ് 9	0	0	600000	0	0	0	600000
115	വേളം സൌത്ത് എൽ.പി സ്കൂൾ റോഡ് നവീകരണം – വാർഡ് 10	0	0	300000	0	0	0	300000
116	വല്ലത്ത് മുക്ക് മലയിൽ വളപ്പ് റോഡ് നവീകരണം – വാർഡ് 11	0	0	350000	0	0	0	350000
117	അംഗൻവാടി കൊടലിൽ മുക്ക് റോഡ് നവീകരണം – വാർഡ് 12	0	0	500000	0	0	0	500000
118	മണ്ടോടിമുക്ക് നടേരി റോഡ് നവീകരണം – വാർഡ് 13	0	0	500000	0	0	0	500000
119	കൊമ്മോടി ചുങ്കം റോഡ് നവീകരണം – വാർഡ് 14	0	0	500000	0	0	0	500000
120	പൂളക്കുൽ പള്ളിക്കരത്താഴ റോഡ് നവീകരണം – വാർഡ് 15	0	0	1400000	0	0	0	1400000
121	വടക്കയിൽ മുക്ക് ഹൈസ്കൂൾ റോഡ് നവീകരണം – വാർഡ് 16	0	0	1500000	0	0	0	1500000
122	കാക്കുനി മങ്ങാട്ടുകുന്ന് താനിയുള്ളതിൽ മുക്ക് റോഡ് നവീകരണം – വാർഡ് 17	0	0	1000000	0	0	0	1000000
123	വടക്കയിൽമുക്ക് –താഴെമഠത്തിൽ താഴെ റോഡ് നവീകരണം – വാർഡ് 17	0	0	500000	0	0	0	500000
124	പുത്തൻപുരയിൽ മുക്ക് കുളങ്ങരത്ത് റോഡ് നവീകരണം – വാർഡ് 18	0	0	500000	0	0	0	500000
125	കണ്ണംക്കോട്ട് കൊയ്ലോത് മുക്ക് എളംകുളം റോഡ് –നവീകരണം – വാർഡ് 18	0	0	400000	0	0	0	400000

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പ്രതീക്ഷിത വകയിരുത്തൽ) പ്രകാരമുള്ള പദ്ധതികൾതാഴെ ചേർക്കുന്നു.

ക്രമനമ്പർ	പ്രോജക്ടിൻറെ	ധനകാര്യകമ്മീഷൻ ഗ്രാൻറ്		മൊത്തം
	പേര്	Basic	Tied	അടങ്കൽ
1	ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് (ശുചിത്വം)	0	278000	278000
2	വീടുകളിൽ റിംഗ് കമ്പോസ്റ് സ്ഥാപിക്കൽ 2026-27 (ശുചിത്വം)	0	800000	800000
3	മാലിന്യം നീക്കം ചെയ്യൽ (ശുചിത്വം)	0	700000	700000
4	സ്കൂളുകളിൽ മാലിന്യ ശേഖരണ ഉപാധി സ്ഥാപിക്കൽ (ശുചിത്വം)	0	100000	100000
5	കലക്ടേർസ് ആറ്റ് സ് ക്ലൗ (ശുചിത്വം)	0	100000	100000
6	പൊതു സ്ഥലത്ത് ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ (ശുചിത്വം)	0	150000	150000
7	ഹരീത കർമ്മസേനക്ക് ഉപകരണങ്ങൾ വാങ്ങൽ (ശുചിത്വം)	0	100000	100000
8	ടൌണുകളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ (ശുചിത്വം)	0	100000	100000
9	പൊതു കിണർ നവീകരണം	0	328000	328000
10	കുടിവെള്ള പദ്ധതികളുടെ അറ്റ കുറ്റപ്പണികൾ (കുടിവെള്ളം)	0	1000000	2000000
11	വിവിധ റോഡുകളുടെ നിർമ്മാണം	2604000	0	3104000
12	കുടിവെള്ള പദ്ധതികളുടെ നിർമ്മാണം		1000000	1000000
13	ചിൽഡ്രൻസ് പാർക്ക് നിർമ്മാണം	500000		500000

അദ്ധ്യായം 7

പ്രത്യേക പദ്ധതികൾ / പരിപാടികൾ

വികസനഫണ്ടിൻറെ മേഖലാടിസ്ഥാനത്തില് വകയിരുത്തൽ (രൂപ)

ക്രമനം	വിഭാഗം		ആകെ വിഹിതം	മേഖലാ വിഭജനത്തിൽനിന്നും ഒഴിവാക്കിയ തുക	ബാക്കി തുക (3-4)	ഉൽപ്പാദന മേഖല		സേവന മേഖല		പശ്ചാത്തല മേഖല	
						തുക	ശതമാനം	തുക	ശതമാനം	തുക	ശതമാനം
1	2		3	4	5	6	7	8	9	10	11
1	സാധാരണ വിഹിതം		3,08,42,000	61,68,400	2,46,73,600	74,02,080	30.00 %	1,06,83,120	43.30%	4,20,000	1.70 %
2	പട്ടികജാതി ഉപപദ്ധതി		33,62,000	0	33,62,000	0	0.00 %	26,89,600	80.00 %	0	0.00%
3	പട്ടികവർഗ്ഗ ഉപപദ്ധതി		0	0	0	0	0.00 %	0	0.00 %	0	0.00%
4	പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ്	ബേസിക്ക്	31,04,000	0	31,04,000	0	0.00 %	0	0.00 %	0	0.00%
		ടൈഡ്	46,56,000	0	46,56,000	0	0.00 %	0	0.00 %	0	0.00%
5	ആകെ		4,19,64,000	0	3,57,95,600	74,02,080	20.68 %	1,33,72,720	37.36 %	4,20,000	1.17 %

3) നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്കുള്ള / പ്രത്യേകപദ്ധതികൾക്കുള്ള വകയിരുത്തല്

ക്രമനം	നിർബന്ധമായി തുക വകയിരുത്തേണ്ട വിഭാഗങ്ങൾ /പ്രത്യേക പദ്ധതിയുടെ പേര്	വകയിരുത്തിയ തുക		
		വികസന ഫണ്ട്	മറ്റുള്ളവ	ആകെ
(1)	(2)	(4)	(5)	(6)
1	അങ്കണവാടി പോഷകാഹാരവിതരണം	8,50,000	29,00,000	37,50,000
2	സമഗ്ര ശിക്ഷാ കേരളം	2,00,000	0	2,00,000
3	പാലിയേറ്റീവ് കെയർ	11,00,000	1,00,000	12,00,000
4	പി.എം.എ.വൈ.	6,81,400	18,600	7,00,000
5	അഗതി രഹിത കേരളം	1,50,000	0	1,50,000
6	ഐ.കെ.എം. വിഹിതം	1,00,000	0	1,00,000
7	അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാൻ	80,000	0	80,000
8	പാർപ്പിടമേഖല	58,37,000	2,50,13,000	3,08,50,000
9	ശുചിത്വം, മാലിന്യ സംസ്കരണം	0	9,96,000	9,96,000
10	ജലസംരക്ഷണം, കുടിവെള്ളം	1,69,340	50,000	2,19,340
11	വനിതാ ഘടക പദ്ധതി	29,31,560	13,05,000	42,36,560
12	കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ്	28,30,000	13,43,333	41,73,333
13	വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി	3,01,780	0	3,01,780
	ആകെ	1,52,31,080	3,17,25,933	4,69,57,013

അദ്ധ്യായം 8

വായ്പാ ബന്ധങ്ങൾ

ലൈഫ് ഭവന പദ്ധതിക്കാണ് പ്രധാനമായും വായ്പ ലഭ്യമാക്കിയിട്ടുള്ളത് . KURDFC2018 ,KURDFC 2022 പ്രകാരമാണ് ലോൺ അനുവദിച്ചിട്ടുള്ളത്. 2026-27 വർഷത്തില് മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിന് ലോൺ ലഭ്യമാക്കുന്നതിനുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ലോൺ ഇനത്തിൽ 2026-27 വർഷത്തിൽ ലഭ്യമാവുന്ന തുക -8,70,00000

അദ്ധ്യായം 9

സംയോജന സാധ്യതകളും / സമഗ്ര പരിപാടികളും

ജനകീയാസൂത്രണത്തിൻറെ മുഖ്യ വികസന കാഴ്ചപ്പാട് വികസനത്തിൻറെ സമഗ്രസംയോജന സമീപനമാണ്. ഒരേ സ്വഭാവമുള്ള വിവിധ പ്രോജക്ടുകള് പ്രത്യേകം പ്രത്യേകമായി നടപ്പാക്കുന്നത് വഴിയുണ്ടാകുന്ന ദുർവ്യയവും നഷ്ടങ്ങളും ഒഴിവാക്കുന്നതിന് പ്രോജക്ടുകളുടെ സമഗ്ര സംയോജനം അത്യാവശ്യമാണ്.

പാർപ്പിട മേഖലയിൽ പരമാവധി ആനുകൂല്യം അനുവദിക്കുന്നതിനായി കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെയും പഞ്ചായത്തിൻറെയും ഫണ്ട് , ലോൺ എന്നിവ ഉപയോഗിച്ചാണ് ലൈഫ് പദ്ധതി പോലുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കാർഷിക മേഖലയിലും മൃഗ സംരക്ഷണം, കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ,നവീകരണം തുടങ്ങിയ മേഖലകളിൽ നെൽകൃഷി വികസനം ,നെൽകൃഷി കതിരണി പോലുള്ള പദ്ധതികൾ ബ്ളോക്ക പഞ്ചായത്ത് ,ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് സംയുക്ത പദ്ധതികളായി നടപ്പിലാക്കുന്നുണ്ട്.

അദ്ധ്യായം 10

മോണിറ്ററിംഗ്

വിഷയമേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപികരണത്തിന് ശേഷം നിർവ്വഹണ ഘട്ടത്തിൽ ബന്ധപ്പെട്ട മേഖലകളിലെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നു. നിർവ്വഹണ ആരംഭം മുതൽ അവസാനം വരെ പ്രൊജക്ടുകളുടെ ദിശാഗതി നിയന്ത്രണം, പൂർത്തീകരിച്ചശേഷം പൂർത്തീകരണപത്രം തയ്യാറാക്കൽ. പ്രൊജക്ടുകൾ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തൽ എന്നീ ചുമതലകളാണ് മോണിറ്ററിംഗ് കമ്മിറ്റികൾക്കുള്ളത്. പ്രൊജക്ടുകളുടെ നിർവ്വഹണം വേഗത്തിലാക്കുന്നതിന് മാസാമാസം നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വിലയിരുത്തൽ നടത്തുന്നു. നിർവ്വഹണത്തിലെ തടസ്സങ്ങൾ, പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്ത് ആവശ്യമുള്ള കാര്യങ്ങൾക്ക് സഹായനിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നു. നിർവ്വഹണ പുരോഗതി റിപ്പോർട്ട് യഥാസമയം സ്റ്റാൻഡിംഗ് കമ്മിറ്റിയിലൂടെ ഭരണ സമിതിക്ക് നൽകുന്നു. മോണിറ്ററിംഗ് കമ്മിറ്റി ആവശ്യമാണെങ്കിൽ സബ്ബ് ഗ്രൂപ്പുകളായി രൂപീകരിച്ച് സബ്ബ്ഗ്രൂപ്പുകളുടെ റിപ്പോർട്ട് കമ്മിറ്റിയിൽ അവതരിപ്പിച്ച് തീരുമാനമെടുക്കുന്നു. പ്രൊജക്ടുകളുടെ പൂർത്തീകരണത്തിന് ശേഷം ചേരുന്ന യോഗത്തിൽ തീരുമാനങ്ങൾ പൂർത്തീകരണ പത്രത്തിൽ ചേർത്ത് ഒപ്പുവെക്കാൻ മോണിറ്ററിംഗ് കമ്മിറ്റി ചെയർമാൻ/കൺവീനർ എന്നിവരെ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയത് പോലെ ചുമതലപ്പെടുത്തുകയും പൂർത്തീകരണപത്രം പൂർണ്ണമായും പരിശോധിച്ച് എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ കൂടി ഇവരെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.